# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1228 30.01.2018 ൽ മറുപടിക്ക്

## കുറ്റാലം റസ്റ്റ് ഹൗസും അനുബന്ധ സൗകര്യങ്ങളും

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കുറ്റാലം റസ്റ്റ് ഹൗസിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ഉടമാവകാശത്തർക്കത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) കുറ്റാലം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ രാജകുടുംബം ചെന്നൈ ഹൈക്കോടതിയിൽ നൽകിയിട്ടുള്ള കേസിൽ രേഖകളുടെ പരിശോധനയ്ക്കായി തിരുനെൽവേലി ഡി.ആർ.ഒ. - യെ ഹൈക്കോടതി ചുമതലപ്പെടുത്തി-യിരിക്കുകയാണ്. |
| (ബി) പൊതുമരാമത്ത് വകുപ്പിന്റെ സമയോചിതമായ ഇടപെടൽ മൂലം ഈ സ്ഥാപനം സംസ്ഥാനത്തിന് തിരിച്ചുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ; | (ബി) കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ അധീനത-യിൽത്തന്നെയാണ്. കേരള പൊലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ കം ഗാർഡനർ-മാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള സംരക്ഷണ ഭിത്തിക്കുപുറമേ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ ഫെൻസിങ് ചെയ്യാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൊട്ടാരം തട്ടിയെടുക്കാൻ ശ്രമിച്ച പാലസ് സൂപ്രണ്ട് പദവിയിലിരുന്ന് സസ്പെൻഷനു വിധേയമായ വ്യക്തിയും കുടുംബവും നടത്തുന്ന കേരള വിരുദ്ധ പ്രവർത്തനങ്ങൾ സംസ്ഥാനം വീക്ഷിച്ചു |

| | |
|---|---|
| | വരുന്നു. നിയമപരമായ നടപടികളും ഭരണപരമായ നടപടികളും സ്വീകരിച്ചു വരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണടച്ചതിനാലാണ് ഈ ദുസ്ഥിതിയുണ്ടായത്. ഇതുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളെപ്പറ്റി സമഗ്രമായ ഒരു അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലാണ്. |
| (സി) കുറ്റാലം റസ്റ്റ് ഹൗസും അനുബന്ധ സൗകര്യങ്ങളും വികസിപ്പിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | (സി) കുറ്റാലം കൊട്ടാരവും സ്ഥലവും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നത് പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**